(ബി) ഇതേ ആവശ്യം ഉന്നയിച്ച് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പ്രസ്തുത സ്ഥലം വിട്ടുനൽകാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ടി സ്ഥലം നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**മുളക്കുളം വൃദ്ധസദനം**

**253 (1625)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ ആരംഭിക്കുന്ന വൃദ്ധസദനത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വൃദ്ധസദനത്തിനായുള്ള, സാമൂഹ്യനീതി ഡയറക്ടറേറ്റിലെ F5/35021/2014 ഫയൽ പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സാമ്പത്തികവർഷം പദ്ധതിക്ക് അനുമതി ലഭിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ വൃദ്ധസദനത്തിനായുള്ള 35.5 സെന്റ് ഭൂമിയും പകുതി പൂർത്തിയായ കെട്ടിടവും സാമൂഹ്യനീതി വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെട്ടിടത്തിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി 8-6-2015-ലെ ജി.ഒ. (ആർറ്റി.) 347/15/ സാനീവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly